വിജയശ്രീ

## ബാലസഭയിൽ അംഗമായി സാമൂഹിക പ്രതിബദ്ധത നേടാം

പാഠനമുറികളിൽനിന്നും പാഠപുസ്തകത്തിൽനിന്നും ലഭിക്കാത്ത അറിവുകൾ പുതുതലമുറയിലെ കുട്ടികൾക്കു പകർന്ന് നൽകി അവരെ സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കി മാറ്റുകയെന്ന ലക്ഷ്യമാണു കുടുംബശ്രീ ബാലസഭകൾക്കുള്ളത്. അയൽക്കൂട്ട യോഗത്തിനെത്തുന്ന അമ്മമാർക്കൊപ്പം വരുന്ന കുട്ടികളെ ഉൾപ്പെടുത്തിയുള്ള കൂട്ടായ്മ എന്ന രീതിയിൽ ആരംഭിച്ച ബാലസഭകൾ വഴി പാരിസ്ഥിതിക, സാമ്പത്തിക, സാംസ്കാരിക വിഷയങ്ങളിൽ കുട്ടികൾക്ക് അറിവുകൾ നൽകിവരുന്നു. കേരളത്തിൽ ഇപ്പോൾ 28190 ബാലസഭകളിലായി 416730 കുട്ടികൾ അംഗങ്ങളാണ്.

കുട്ടികളിലെ വായനശീലം വർധിപ്പിക്കുന്നതിനായി ബാല ലൈബ്രറി, കൃഷിയോടും മണ്ണിനോടും ഇണങ്ങിയുള്ള ജീവിതം പ്രോത്സാഹിപ്പിക്കുന്നതിനായി ബാലകൃഷി എന്ന പേരിൽ കാർഷികവൃത്തി, സ്വന്തം നാടിന്റെ ചരിത്രവും സംസ്ക്കാരവും അറിയാനായി നാടറിയാൻ എന്ന പേരിലുള്ള ക്യാംപെയിൻ ഇങ്ങനെ അനവധി പ്രവർത്തനങ്ങളാണ് ബാലസഭകൾ വഴി നടത്തിവരുന്നത്. പരിസരശുചിത്വത്തിന്റ അഭാവംമൂലമുണ്ടാകുന്ന രോഗങ്ങളെ പൂർണമായി ഇല്ലാതാക്കുക ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന ജാഗ്രതോത്സവം പരിപാടിയാണ് ഈ അവധിക്കാലത്ത് സംസ്ഥാനതലത്തിൽ ബാലസഭ കുട്ടികൾക്കായി പ്രധാനമായും നടത്തുന്നത്. കൂടാതെ ഓരോ ജില്ലയും ബാലസഭാ കുട്ടികൾക്കായി പ്രത്യേകം ക്യാംപ്യുകളും നടപ്പിലാക്കുന്നു. കലാ-കായിക മേഖലകളുൾപ്പെടെ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ താൽപര്യം ജനിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ബാലസഭകളിൽ നടന്നുവരുന്നത്.

അഞ്ചു വയസ്സു മുതൽ 18 വയസ്സു വരെ പ്രായമുള്ള കുട്ടികൾക്കു ബാലസഭകളിൽ അംഗമാകാനാകും. അയൽക്കൂട്ട അംഗങ്ങള്ല്ലാത്തവരുടെ കുട്ടികൾക്കും ബാലസഭയിൽ അംഗമാകാം. 15 മുതൽ 30 വരെ കുട്ടികളാണ് ഒരു ബാലസഭയിലുള്ളത്. ബാലസഭയിൽ അംഗമാകാൻ താൽപര്യമുള്ള കുട്ടികൾക്കു വീടിന് അടുത്തുള്ള അയൽക്കൂട്ടം വഴി അംഗത്വം നേടാനാകും. ബാലസഭാ പ്രവർത്തനത്തിലൂടെ കുട്ടികളേവരും ഈ അവധിക്കാലം ഫലപ്രദമായി വിനിയോഗിക്കുമെന്നു പ്രതീക്ഷിക്കുന്നു.



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ



## ഇതൊരു രംഗശ്രീ വിജയഗാഥ!

ചെറുപ്പത്തിൽ അക്ഷരങ്ങളെ സ്നേഹിച്ചവർ, മുഖത്തു ചായം തേച്ച് ഇഷ്ട കഥാപാത്രങ്ങൾക്കു ജീവൻ പകർന്നു നിറഞ്ഞ സദസ്സിന്റെ കയ്യടി നേടാൻ ആഗ്രഹിച്ചവർ, വിവാഹവും കുടുംബ പ്രാരബ്ധങ്ങളും മൂലം ഉള്ളിലെ കലാകാരിയെ ഉറക്കിക്കെടുത്താൻ വിധിക്കപ്പെട്ടവർ. അവരുടെയെല്ലാം ആഗ്രഹ പൂർത്തീകരണത്തിനുള്ള വേദിയും ഒപ്പം ഒരു വരുമാന മാർഗവും അതാണ് കുടുംബശ്രീയുടെ രംഗശ്രീ നാടക സംഘം വീതമുണ്ട്. ഇന്ന് 13 ജില്ലകളിലും ഓരോ രംഗശ്രീ നാടക സംഘങ്ങളുണ്ട്. അതത് ജില്ലകളിൽ കുടുംബശ്രീയുടേതും വിവിധ സർക്കാർ വകുപ്പുകളുടേതുമായ ബോധവൽക്കരണ പരിപാടികളിലും മറ്റും ശ്രദ്ധേയമായ സാന്നിധ്യമായി മാറിയിരിക്കുന്നു രംഗശ്രീ കമ്യൂണിറ്റി തിയറ്ററുകൾ.

പത്തനംതിട്ട ജില്ലയിൽ 2015 ൽ ഒരു സംരംഭമായി റജിസ്ട്രർ ചെയ്തു പ്രവർത്തനം ആരംഭിച്ച നവജ്യോതി രംഗശ്രീ കമ്യൂണിറ്റി തിയറ്ററിലെ അംഗങ്ങൾ തങ്ങളുടെ കലാപരമായ കഴിവിലൂടെ കുടുംബത്തിലേക്ക് ഒരു വരുമാനം നേടാനാകുന്നതിന്റെ സന്തോഷത്തിലാണു മുന്നേറുന്നത്. ടി.പി. ഹേമലതയാണ് സംഘത്തിന്റെ പ്രസിഡന്റ്. മായാ അമൃത കുമാർ സെക്രട്ടറിയും. ഉഷ തോമസ്, ഷേർളി ഷൈജു, സുധ സുരേന്ദ്രൻ, അംബിക അനിൽ, ഗിത രാജൻ എന്നിവരാണ് സംഘത്തിലെ മറ്റ് അംഗങ്ങൾ. കലാപരമായ കഴിവും താൽപര്യവുമുള്ളവരിൽനിന്നു തിരഞ്ഞെടുപ്പെട്ടവർക്കു നാടകരചനയിലും ഗാനരചനയിലും അഭിനയത്തിലുമടക്കം പ്രത്യേകമായ പരിശീലനം നൽകി. അവരിൽ നിന്നു രംഗശ്രീ സംഘാംഗമാകാൻ താൽപര്യമുള്ളവരെ ചേർത്താണ് നവജ്യോതി കമ്യൂണിറ്റി തിയറ്ററിന്റെ രൂപീകരണം. ക്രൈസിസ് ഫണ്ടായി ഒരു ലക്ഷം രൂപ കുടുംബശ്രീ നൽകി.

പത്തനംതിട്ട കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടത്തിയ കാൻസർ ബോധവത്ക്കരണ ക്യാംപെയിനായ സ്വാസ്ഥ്യത്തിലൂടെയാണ് നവജ്യോതി സംഘം ആദ്യമായി ജനങ്ങളിലേക്കു വ്യാപകമായി ഇറങ്ങുന്നത്. ജില്ലയ്ക്ക് കീഴിലുള്ള എല്ലാ പഞ്ചായത്തുകളുമുൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ മൂന്നോ നാലോ വീതം തവണ നാടകങ്ങൾ അവതരിപ്പിച്ചു. ഇതോടെ ജില്ലയിലാകെ നവജ്യോതി അറിയപ്പെട്ടു തുടങ്ങി. ഇതിൽ നിന്നു ലഭിച്ച വരുമാനമുപയോഗിച്ച് യൂണിറ്റിന്റെ കടങ്ങൾ തീർത്തു. പിന്നീട് പുരോഗമന കലാസാഹിത്യ സംഘത്തിന്റെയും ലോട്ടറി വകുപ്പിന്റെയും ഉൾപ്പെടെ പരിപാടികൾ ലഭിച്ചു തുടങ്ങി. നാടകരചന പൂർത്തിയാക്കിയ ശേഷം ബന്ധപ്പെട്ടവർക്ക് മുന്നിൽ അവതരിപ്പിച്ച് അവരുടെ അനുമതി വാങ്ങിയ ശേഷമാണ് പൊതുജനങ്ങൾക്കു മുന്നിൽ അവതരിപ്പിച്ചു തുടങ്ങുക.

നവകേരള ലോട്ടറിയുടെ പ്രചാരണം, ആദിവാസി മേഖലയിലെ തിരഞ്ഞെടുപ്പ് ബോധവൽക്കരണം എന്നിവയ്ക്കെല്ലാം നവജ്യോതി തിയേറ്റർ നാടകങ്ങൾ അവതരിപ്പിച്ച് കഴിഞ്ഞു. പരിപാടികൾ ലഭിക്കുന്നതിന് അനുസരിച്ചാണ് വരുമാനം. നാടകങ്ങളുള്ളപ്പോൾ ഒരാൾക്ക് ഒരു ദിവസം 1000 രൂപ വരെ ശരാശരി വരുമാനം ലഭിക്കുന്നു. കുടുംബശ്രീയിൽ നിന്നു ടെക്നോളജി ഫണ്ടായി ലഭിച്ച 2.50 ലക്ഷം രൂപ ഉപയോഗിച്ചു സ്വന്തമായി മൈക്ക് സെറ്റടക്കം വാങ്ങാനും ഒരു ഓഫിസ് ആരംഭിക്കാനുമുള്ള തയാറെടുപ്പിലാണ് നവജ്യോതി സംഘാംഗങ്ങൾ. കൂടാതെ ഭാവിയിൽ അമ്പലങ്ങളിലും പള്ളികളിലുമടക്കം ഉത്സവകാലത്തു നാടകങ്ങൾ അവതരിപ്പിച്ചു തുടങ്ങാനും സംഘം ലക്ഷ്യമിട്ടിരിക്കുന്നു.

## ഇലക്ട്രോണിക്സും ഇലക്ട്രിക്കലും പഠിക്കാനും അവസരം

ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) എന്ന കേന്ദ്രാവിഷ്കൃത നൈപുണ്യ പരിശീലന പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നത് കുടുംബശ്രീ വഴിയാണ്. ഗ്രാമീണ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്കു പദ്ധതി വഴി നൈപുണ്യ പരിശീലനം നൽകുന്നു, കൂടാതെ തൊഴിലും ഉറപ്പു നൽകുന്നു. കുടുംബശ്രീയുമായി കരാറിലെത്തിയിരിക്കുന്ന പ്രോജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ വഴി 32 വ്യത്യസ്തമായ തൊഴിൽ മേഖലകളിലെ 127ലേറെ കോഴ്സുകളിൽ പരിശീലനം നേടാനാകും. 15 വയസ്സു മുതൽ 35 വയസ്സുവരെ പ്രായമുള്ള യുവജനങ്ങൾക്കു പരിശീലനത്തിന്റെ ഭാഗമാകാം. സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെടുന്ന ആദിവാസികൾ എന്നിവർക്ക് 45 വയസ്സാണ് ഉയർന്ന പ്രായപരിധി. റെസിഡൻഷ്യൽ രീതിയിലും പരിശീലനം നൽകുന്നു.

ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ മേഖലകളിൽ തൽപരരായവർക്കുള്ള നൈപുണ്യ പരിശീലനം പദ്ധതി വഴി നൽകിവരുന്നു. സോളർ പാനൽ ഇൻസ്റ്റലേഷൻ ടെക്നീഷ്യൻ, ഡൊമസ്റ്റിക് ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്സ് ഉൽപന്നങ്ങളുടെ റിപ്പയർ, സോളാർ പാനൽ ഇൻസ്റ്റലേഷൻ ടെക്നീഷ്യൻ തുടങ്ങിയ കോഴ്സുകളിലാണു പരിശീലനം നൽകുന്നത്. 984 പേർ മേൽപ്പറഞ്ഞ തൊഴിൽ മേഖലകളിൽ പരിശീലനം നേടി. അവരിൽ 834 പേർക്കു തൊഴിൽ നിയമനം ലഭിച്ചു. 10,000 രൂപയാണ് ശരാശരി ശമ്പളം. 30,000 രൂപ വരെ ശമ്പളം നേടുന്നവരുമുണ്ട്. വിവിധ ജില്ലകളിൽ പരിശീലന കേന്ദ്രങ്ങളുണ്ട്. അതത് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങളില്ലാത്ത വർക്കു മറ്റു ജില്ലകളിൽ താമസിച്ചു പരിശീലനം നേടാനുള്ള സൗകര്യമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന കോൾ സെന്റർ നമ്പരിൽ വിളിക്കാം- 0484 2959595

### കുടുംബശ്രീ ഇൻഫൊ

## അയൽക്കൂട്ടങ്ങളിൽ ജലസഭ

ജലക്ഷാമത്തിനെതിരെ പോരാടുകയെന്ന ലക്ഷ്യത്തോടെ അയൽക്കൂട്ടങ്ങളിൽ ജലസഭകൾ സംഘടിപ്പിച്ചു. ഹരിതകേരളം മിഷനോടൊപ്പം ചേർന്നുള്ള ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ അയൽക്കൂട്ടവും സ്വന്തമായി ജല സംരക്ഷണത്തിനുള്ള വഴികൾ കണ്ടെത്തും. ചുറ്റുവട്ടത്തുള്ള ജലസ്രോതസ്സുകളുടെ കണക്കെടുത്തുവരുന്നു. ഇതിൽ വൃത്തിയാക്കിയെടുക്കാൻ കഴിയുന്ന ഉപയോഗ ശൂന്യമായ ജലസ്രോതസ്സുകളുടെ പ്രത്യേകമായ കണക്കുമെടുക്കും.